# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 35

07-01-2014-ൽ മറുപടിക്ക്.

### വ്യവസായ സംരംഭങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. സി.എഫ്.തോമസ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) പാരിസ്ഥിതിക പ്രശ്നങ്ങളും മറ്റ് എതിർപ്പുകളും മൂലം തടസ്സപ്പെട്ടിരിക്കുന്ന വിവിധ വ്യവസായ സംരംഭങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ ;<br><br>(ബി) പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നത് തടസ്സപ്പെടുത്തുന്നത് തടയുവാൻ ജിം, എമർജിംഗ് കേരള തുടങ്ങിയ ബിസിനസ്സ് സംഗമങ്ങളിലൂടെ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (എ)യും (ബി)യും<br>വ്യവസായ വകുപ്പിനു കീഴിൽ ഏക ജാലക ക്ലിയറൻസ് ബോർഡു (Single Window Clearance Board) കൾ ജില്ലകൾ തോറും പ്രവർത്തിച്ചു വരുന്നുണ്ട്. ഇവയിലൂടെയും മറ്റു ജില്ലാ / സംസ്ഥാന തല കമ്മിറ്റികളിലൂടെയും വ്യവസായ സംരംഭങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി എടുത്ത് വരുന്നു. പ്രദേശികമായ ജനകീയ പ്രശ്നങ്ങളും ഭരണഘടനാനുസൃതമായ പ്രശ്നങ്ങളും ഉയർത്തികൊണ്ടുള്ള കോടതി നടപടികളുടെ പേരിലുള്ള കാലതാമസം മാത്രമാണ് ഒഴിവാക്കാനാവാത്തതായിട്ടുള്ളത്. |

കൂടാതെ പാരിസ്ഥിതിക പ്രശ്നങ്ങളും മറ്റും മൂലം തടസ്സപ്പെടുന്ന വ്യവസായ സംരംഭങ്ങൾക്ക് പരിസ്ഥിതി ക്ലിയറൻസ് ഉൾപ്പെടെയുള്ള അനുമതി ലഭ്യമാക്കുന്നതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ കെ.എസ്.ഐ.ഡി.സി. നൽകുന്നതാണ്. എമർജിംഗ് കേരളയിൽ അവതരിപ്പിച്ചതും ഭാവിയിൽ ലഭ്യമാക്കുന്നതുമായ പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നയപരമായി തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിലും, ഓരോ പ്രോജക്ടും വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം കൊടുക്കുന്നതിനുമായി ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചിട്ടുണ്ട്. എമർജിംഗ് കേരളയിൽ ചർച്ച ചെയ്ത ആശയങ്ങളേയും പദ്ധതികളേയും യഥാർത്ഥ്യമാക്കുന്നതിനായി ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡും രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ